**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ ഫണ്ടിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ടുമായി ബന്ധപ്പെട്ട് വ്യാപക ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ചില സ്ഥലങ്ങളിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ ഫണ്ടുമായി ബന്ധപ്പെട്ട് ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | തിരുവനന്തപുരത്ത് പട്ടികജാതി ഫണ്ട് തട്ടിപ്പ് പിടികൂടിയതിന് ശേഷം മലപ്പുറത്തും സമാനമായ രീതിയിൽ പട്ടികജാതി ഭവന ഫണ്ടിൽ നിന്നും 37.5 ലക്ഷം രൂപയുടെ തട്ടിപ്പ് നടന്നത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ഉണ്ട്. ക്രമക്കേടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം സസ്പെന്റ് ചെയ്യുകയും പ്രമോട്ടർമാരെ തൽസ്ഥാനത്ത് നിന്ന് നീക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കൂടാതെ കഴിഞ്ഞ 10 വർഷക്കാലയളവിൽ തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി വികസന ഓഫീസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിനും നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ട് സുതാര്യമായി വിനിയോഗിക്കുണ്ടോ എന്ന് പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്; | (സി) | പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കി വരുന്ന ഓഫീസുകളിൽ പട്ടികജാതി വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ട് സുതാര്യമായി വിനിയോഗിച്ചിരുന്നു വെന്നത് സംബന്ധിച്ച് വകുപ്പുതല ഓഡിറ്റ്/വകുപ്പുതല വിജിലൻസ് വിഭാഗങ്ങൾ പരിശോധനകൾ നടത്തിയിരുന്നു. ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ള വിഷയങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് വകയിരുത്തുന്ന ഫണ്ട് സുതാര്യവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് നിരവധി പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുകളിലുള്ള നിയന്ത്രണ ഉദ്യോഗസ്ഥരുടെ മേൽനോട്ടവും പരിശോധനയുമാണ് പ്രാഥമിക സംവിധാനം.ഗുണഭോക്താക്കളുടെ |

| | | | |
|---|---|---|---|
| | | | അക്കൗണ്ടുകളിലേക്ക് ആനുകൂല്യം നേരിട്ടെത്തിക്കുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പൂർണമായി നടപ്പിലാക്കിയതോടെ ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പ് വരുത്താനായി. വകുപ്പ് പട്ടികവർഗ്ഗ മേഖലകളിൽ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തുന്നതിനും സുതാര്യമാണെന്ന് ഉറപ്പ് വരുത്തുന്നതിനും ജില്ലാ കളക്ടർമാർ അധ്യക്ഷനായുള്ള ജില്ലാതല മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. വകുപ്പിന്റെ ആഭ്യന്തര പരിശോധനാ സംവിധാനവും ധനകാര്യ വകുപ്പിന്റെ പരിശോധനാ സംവിധാനങ്ങളും ഈ വകുപ്പിന്റെ ഫണ്ട് വിനിയോഗം സുതാര്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ട്. ഇതിനു പുറമേ അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക കണക്ക് പരിശോധനയും കൃത്യമായി നടത്തിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ ദുരുപയോഗം തടയാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) | വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന ഓഫീസുകളിൽ കൂടുതൽ കാര്യക്ഷമമായി വകുപ്പുതല ഓഡിറ്റ് നടത്തുന്നതിനും, വീഴ്ച കണ്ടെത്തുന്ന പക്ഷം യഥാസമയം തുടർ നടപടികൾ സ്വീകരിച്ച് പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വകുപ്പിന്റെ പദ്ധതികൾ യഥായോഗ്യവും, അർഹരുമായി ഗുണഭോക്താക്കൾക്ക് തന്നെയാണോ ലഭ്യമാകുന്നത് എന്നത് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ ഉന്നതതല പരിശോധന ബന്ധപ്പെട്ട ഓഫീസുകളിൽ നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. വകുപ്പിന്റെ ആഭ്യന്തര പരിശോധനകൾ ശക്തിപ്പെടുത്തുന്നതിനും ഡയറക്ടറേറ്റ് തലത്തിൽ വിജിലൻസ് സെൽ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. സോഷ്യൽ ഓഡിറ്റിംഗിന്റെ സാധ്യതകൂടി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ്, മലപ്പുറം അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് എന്നിവിടങ്ങൾ മുഖേന നടപ്പിലാക്കിയ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന 2016-19 കാലയളവിൽ നടപ്പിലാക്കിയ വകുപ്പിന്റെ വിവാഹ ധനസഹായം, പഠനമുറി എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടറായിരുന്ന ശ്രീമതി. സംഗീത ജി.വി. സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ളതായി തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തുടർ പരിശോധനയിൽ ടി ഓഫീസിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ. രാഹുൽ ആർ.യു. ആണ് ടി സാമ്പത്തിക ക്രമക്കേടിൽ പ്രധാന പങ്ക് വഹിച്ചിരുന്നതെന്നും, വകുപ്പിന്റെ വിവിധ പദ്ധതികൾക്കായുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാതെ, ടിയാൻ വ്യാജരേഖകൾ ചമച്ച് ടിയാന്റെ സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്ത് സർക്കാർ പണം അപഹരിക്കുകയാണ് ചെയ്തതെന്നും കണ്ടെത്തിയിരുന്നു.

ബിംസ് സോഫ്റ്റ് വെയർ മുഖേന വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന അവസരത്തിൽ ടി ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിന് പകരം ടിയാന്റെ സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും അക്കൗണ്ട് നമ്പർ നൽകി പണം തട്ടിയെടുക്കുന്നതാണ് ടിയാൻ അവലംബിച്ചിരുന്ന രീതിയെന്ന് പ്രാഥമിക വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

ടി വിഷയവുമായി ബന്ധപ്പെട്ട വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനായി കണ്ടെത്തിയ ടി ഓഫീസിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ. രാഹുൽ ആർ.യു. വിനെ 07.04.2021 ൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടർമാരായിരുന്ന ശ്രീമതി. സംഗീത ജി.വി., ശ്രീ. വിശാഖ് സുധാകരൻ എന്നിവരെ എസ്.സി. പ്രൊമോട്ടറുടെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടിയാൻ സർക്കാർ പണം നിക്ഷേപിച്ച അക്കൗണ്ട് നമ്പറിനുടമയായ കൊല്ലം ജില്ലാ പട്ടികജാതി വികസന ഓഫീസിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീമതി, പൂർണ്ണിമ. ബി.പി യുടെ ഭാഗത്തു നിന്നും ടി വിഷയത്തിൽ ഗുരുതരമായ വീഴ്ചയുണ്ടായതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ 09.04.2021 ൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്

ടി വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് ഉന്നതതല അന്വേഷണത്തിൽ, തിരുവനന്തപുരം നഗരസഭാ പട്ടികജാതി വികസന ഓഫീസ് മുഖേന പട്ടികജാതി വിഭാഗക്കാർക്കായുള്ള വിവിധ സാമ്പത്തിക വിതരണ പദ്ധതികളിൽ ക്രമക്കേട് നടന്നതിൽ, ടി ഓഫീസിലെ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഗ്രേഡ്-1 ഉദ്യോഗസ്ഥരായ ശ്രീ. പ്രജിത്ത് ലാൽ. എസ്., ശ്രീ. മനോജ്. എസ്.ആർ. എന്നിവരുടെ ഭാഗത്തും ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാളുകളെ 19.04.2021 ൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയതിനോടൊപ്പം ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് വിശദമായ പരിശോധന വകുപ്പ് ഓഡിറ്റ് വിഭാഗം മുഖേന നടത്തി വരികയും ചെയ്യുന്നു.

മേൽ നടപടികൾ കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് വകുപ്പിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ. രാഹുൽ ആർ.യു., ശ്രീമതി. പൂർണ്ണിമ ബി.പി., എസ്.സി. പ്രൊമോട്ടർമാരായിരുന്ന ശ്രീമതി സംഗീത ജി.വി., ശ്രീ. വിശാഖ് സുധാകരൻ എന്നിവർക്കെതിരെ പോലീസിൽ പരാതി നൽകുകയും, പോലീസ് ടി വ്യക്തികളുൾപ്പെടെ ടി വിഷയവുമായി ബന്ധപ്പെട്ട ആളുകൾക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയും ചെയ്യുന്നു. കൂടാതെ കഴിഞ്ഞ 10

വർഷക്കാലയളവിൽ തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി വികസന ഓഫീസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിനും നിർദ്ദേശം നൽകിയിട്ടുണ്ട്

മലപ്പുറം അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന 2017-18 മുതൽ 2020-21 വരെ നടപ്പിലാക്കിയ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനായ ടി ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസറായിരുന്നതും, ശേഷം കണ്ണൂർ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസറായിരുന്നതുമായ ശ്രീ. സുരേഷ്കുമാർ എ. യെ 08.07.2021 ൽ സസ്പെന്റ് ചെയ്യുകയും വകുപ്പിലെ ജോയിന്റ് ഡയറക്ടർ (വിജിലൻസ്) ന്റെ നേതൃത്വത്തിലുള്ള ഒരു ടീം ടി വിഷയത്തിന്മേൽ വിശദമായ അന്വേഷണം നടത്തി വരികയും ചെയ്യുന്നു. ആയതിനോടൊപ്പം ടി വിഷയത്തിൽ ടിയാനെതിരായി പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കി വരുന്ന ഓഫീസുകളിൽ വകുപ്പിന്റെ ഓഡിറ്റ് വിഭാഗം മുഖേനയും, വിജിലൻസ് വിഭാഗം മുഖേനയും പരിശോധനകൾ നടത്തി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ള വിഷയങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് വന്നിരുന്നു. ആയതിനോടൊപ്പം വകുപ്പിന്റെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ലഭ്യമായിട്ടുള്ള പരാതികളിൽ വകുപ്പ് വിജിലൻസ് വിഭാഗം മുഖേനയും, വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ മുഖേനയും അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ക്രമക്കേട് കണ്ടെത്തിയ വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന ഓഫീസുകളിൽ കൂടുതൽ കാര്യക്ഷമമായി വകുപ്പുതല ഓഡിറ്റ് നടത്തുന്നതിനും, വീഴ്ച കണ്ടെത്തുന്ന പക്ഷം യഥാസമയം തുടർ നടപടികൾ സ്വീകരിച്ച് പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വകുപ്പിന്റെ പദ്ധതികൾ യഥായോഗ്യവും, അർഹരുമായി ഗുണഭോക്താക്കൾക്ക് തന്നെയാണോ ലഭ്യമാകുന്നത് എന്നത് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ ഉന്നതതല പരിശോധന ബന്ധപ്പെട്ട ഓഫീസുകളിൽ നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഫണ്ട് വിനിയോഗം സുതാര്യമാക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ച് വന്നിട്ടുണ്ട്. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ആനുകൂല്യം നേരിട്ടെത്തിക്കുന്ന 'ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ' പൂർണ്ണമായി നടപ്പിലാക്കിയതോടെ തന്നെ ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പ് വരുത്താനായി. വ്യക്തിഗത ആനുകൂല്യങ്ങൾ എല്ലാം തന്നെ ഗുണഭോക്താവിന് നേരിട്ട് ബാങ്ക് അക്കൗണ്ടുകളിൽ എത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഫണ്ട് വിനിയോഗം നിയമാനുസരണവും സുതാര്യവുമാണോയെന്ന് പരിശോധിക്കാനുള്ള സർക്കാർ പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വകുപ്പിന്റെ ആഭ്യന്തര പരിശോധനാ സംഘം, സർക്കാർ ധനകാര്യ പരിശോധനാ ടീം, ധനകാര്യ സാങ്കേതിക വിഭാഗം, പോലീസ് വിജിലൻസ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിജിലൻസ് വിഭാഗം, അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംവിധാനം എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങളും ഫണ്ട് വിനിയോഗവും പരിശോധിക്കാറുണ്ട്. നിർവ്വഹണ കാലഘട്ടങ്ങളിൽ ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും മേലുദ്യോഗസ്ഥരുടെ മേൽനോട്ടവും പരിശോധനകളും ഉറപ്പ് വരുത്താറുമുണ്ട്. ജില്ലാ കളക്ടർമാർ അധ്യക്ഷനായുള്ള ജില്ലാതല മോണിറ്ററിംഗ് സമിതികൾ പദ്ധതികളുടെ വിലയിരുത്തൽ നടത്താറുമുണ്ട്. നിലവിലുള്ള പരിശോധനാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഡയറക്ടറേറ്റ് തലത്തിൽ വകുപ്പിന്റെ വിജിലൻസ് സെൽ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.